(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ സാമ്പത്തിക വർഷവും സഹകരണ സ്ഥാപനങ്ങൾ മുഖേന എത്ര തുകയുടെ കാർഷിക വായ്പകൾ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽ ഈ ഇനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് സ്ഥാപനം തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ സാമ്പത്തിക വർഷവും സഹകരണ സ്ഥാപനങ്ങൾ മുഖേന വിതരണംചെയ്ത കാർഷിക വായ്പയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.*

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽനിന്നും 40417.95 ലക്ഷം രൂപയുടെ കാർഷിക വായ്പ നൽകിയിട്ടുണ്ട്. അവയുടെ സ്ഥാപനം തിരിച്ചുള്ള കണക്ക് അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്. *

സഹകരണ സ്ഥാപനങ്ങൾ എഴുതിത്തള്ളിയ ലോൺ

103 (448) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തശേഷം മരിച്ചുപോകുന്ന സഹകാരികളുടെ ലോൺ കടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ ഇനത്തിൽ എത്ര തുക എഴുതിത്തള്ളിയിട്ടുണ്ടെന്നും എത്ര കുടുംബങ്ങൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും വായ്പയെടുത്തശേഷം മരിച്ചുപോകുന്ന വായ്പക്കാരുടെ വായ്പ ബാധ്യത കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എഴുതിത്തള്ളുന്നു. ആയതിന് വായ്പക്കാരൻ വായ്പ എടുക്കുമ്പോൾ റിസ്ക് ഫണ്ട് പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രീമിയം അടച്ചിരിക്കണം. മരണ തീയതിയിൽ വായ്പക്കാരന് 70 വയസ്സ് കവിയാൻ പാടില്ല. മരണ തീയതിക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

തൊട്ടുമുമ്പ് വായ്പ തിരിച്ചടവിൽ മുതലിനത്തിൽ 6 മാസത്തിലധികം കുടിശ്ശിക വരുത്താൻ പാടില്ല. മരിച്ചുപോകുന്ന വായ്പക്കാരന്റെ വായ്പയിൽ ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം നൽകുന്നു. കൂടാതെ ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരാകുന്നവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർ, പക്ഷാഘാതംമൂലമോ, അപകടം മൂലമോ ശരീരം തളർന്നവർ, എയ്ഡ്സ് രോഗം ബാധിച്ചവർ തുടങ്ങി മാരക രോഗം ബാധിച്ചവർക്ക് വായ്പാ കുടിശ്ശിക ബാധകമാക്കാതെ വായ്പാ മുതലിനത്തിൽ പരമാവധി 75,000/ രൂപയും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം അനുവദിക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ (31-5-2015 വരെ) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 16,909 അപേക്ഷകളിലായി 113,62,48,952 രൂപ (നൂറ്റിപതിമൂന്ന് കോടി അറുപത്തിരണ്ട് ലക്ഷത്തി നാൽപ്പത്തെട്ടായിരത്തി തൊള്ളായിരത്തി അൻപത്തി രണ്ട് രൂപ) ധനസഹായം അനുവദിച്ചിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളുടെ നവീകരണം

104 (449) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങളുടെ നവീകരണത്തിനും വികസനത്തിനുമായി പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പി.പി.പി. പദ്ധതികൾക്ക് നൽകുന്ന സഹായം പോലും സഹകരണ സംഘങ്ങൾക്ക് നൽകാത്തത് എന്തുകൊണ്ടാണ് ;

(സി) സഹകരണ സംഘങ്ങൾക്ക് പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനും വികസിപ്പിക്കുന്നതിനും സർക്കാർ വക ഭൂമിയും സ്ഥാപനങ്ങളും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ സ്ഥാപനങ്ങളുടെ നവീകരണത്തിനും വികസനത്തിനുമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly